**പതിനാലാം കേരളനിയമസഭ**
**പതിനൊന്നാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2046** | **11.06.2018-ൽ മറുപടിക്ക്** |
|---|---|

**സ്ത്രീ സുരക്ഷക്കായി പദ്ധതി**

| ചോദ്യം<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ. വി.ആർ. സുനിൽ കുമാർ<br>ശ്രീമതി സി.കെ. ആശ | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ കുറയ്ക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ വ്യക്തമാക്കുമോ; | (എ) | സ്ത്രീകളുടെ സുരക്ഷയ്ക്കായി കേരളാ പോലീസ് പിങ്ക് പട്രോൾ, പിങ്ക് ബീറ്റ്, വനിതാ സ്വയം പരിശീലന പരിപാടി, പഞ്ചായത്ത് ബീറ്റ്, സ്ത്രീ സൗഹൃദ ഓട്ടോ (പിങ്ക് ഓട്ടോ, ഷീ ഓട്ടോ), പോലീസ് സ്റ്റേഷനുകളിൽ വനിതാ ഹെൽപ്പ് ഡെസ്ക്, വനിതാ ഹെൽപ്പ് ലൈൻ(1090), സ്ത്രീകളുടെ പരാതികൾ പരിഹരിക്കുന്നതിന് പഞ്ചായത്തുതല അദാലത്തുകൾ, വനിതാ വോളണ്ടിയർമാരെ ഉൾപ്പെടുത്തി ആരംഭിച്ച നിർഭയ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. |
| (ബി) | സ്ത്രീകൾക്ക് പ്രതിരോധ പരിശീലനം നൽകുന്നതിന് സർക്കാർ പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. സംസ്ഥാനത്ത് ഉടനീളം സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ ഉണ്ടാകുന്ന അതിക്രമങ്ങളെ നേരിടുന്നതിനും അവരെ കായികവും മാനസികവുമായി പ്രാപ്തരാക്കുന്നതിനും സ്വയം പ്രതിരോധ പരിശീലനം പോലീസ് സേനയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു. ഇതിനായി എല്ലാ ജില്ലകളിലും പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതാത് ജില്ലകളിലെ സ്കൂൾ, കോളേജ്, റസിഡന്റ്സ് അസോസിയേഷൻ, കുടുംബശ്രീ യൂണിറ്റുകൾ സന്നദ്ധസംഘടനകൾ, എസ്.സി.എസ്.റ്റി. കോളനികൾ എന്നിവിടങ്ങളിൽ സ്ത്രീകൾക്ക് സ്വയം പ്രതിരോധ പരിശീലന ക്ലാസുകൾ നടത്തിവരുന്നു. |

| | | | |
|---|---|---|---|
| (സി) | വനിതകൾക്ക് 24 മണിക്കൂറും സഹായത്തിനായി വനിതാ ഹെൽപ്പ് ലൈൻ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (സി) | വനിതകൾക്ക് 24 മണിക്കൂറും സഹായത്തിനായി വനിതാ ഹെൽപ്പ് ലൈൻ പ്രവർത്തിക്കുന്നുണ്ട്. (ടോൾ ഫ്രീ നം.1091) വനിതാ ഹെൽപ്പ് ലൈനിലേക്ക് വരുന്ന കോളുകൾ കൃത്യമായി അറ്റൻഡ് ചെയ്ത് വിവരങ്ങൾ മനസ്സിലാക്കി അപ്പോൾതന്നെ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | സ്ത്രീ സുരക്ഷക്കായി നിർഭയ വോളന്റിയർമാരെ നിയോഗിക്കുന്നുണ്ടോ; വ്യക്തമാക്കുമോ | (ഡി) | സ്ത്രീ സുരക്ഷയ്ക്കായി സംസ്ഥാനത്ത് മിക്ക ജില്ലകളിലും നിർഭയ വോളണ്ടിയർമാരെ നിയോഗിച്ചിട്ടുണ്ട്. നിർഭയ വോളണ്ടിയർ മാരായി തിരഞ്ഞെടുക്കപ്പെടുന്നവർക്ക് വിവിധ വിഷയങ്ങളിൽ ആവശ്യമായ ട്രെയിനിംഗ് നൽകി സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അക്രമങ്ങളെ കുറിച്ച് വിവരം നൽകുന്നതിന് വിവിധ സാമൂഹിക സംഘടനകളുമായി ചേർന്ന് സ്ത്രീകൾക്കും കുട്ടികൾക്കും സ്വയം പ്രതിരോധം, സുരക്ഷാ ബോധ വൽക്കരണം തുടങ്ങിയ വിഷയങ്ങളിൽ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. |
| (ഇ) | പോലീസിലെ വനിതാ പ്രാതിനിധ്യം ഉയർത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | (ഇ) | സംസ്ഥാനത്ത് 10 വനിതാ പോലീസ് സ്റ്റേഷനുകൾ നിലവിലുണ്ട്. കാസർകോഡ്, വയനാട്, കോഴിക്കോട് റൂറൽ, പത്തനംതിട്ട, പാലക്കാട്, കൊല്ലം റൂറൽ എന്നീ ജില്ലകളിൽ വനിതാ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതും, പോലീസിലെ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതും സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരുന്നു. G.O.(MS) No.15/2017/Home dated 30.01.2017 പ്രകാരം കേരളത്തിൽ ഒരു വനിതാ ബറ്റാലിയൻ രൂപീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**